CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുനാൾ റാസ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുനാൾ റാസ

ഇതിലെ ഗാനങ്ങൾ ഒററയായോ ഒന്നിച്ചോ
അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ
അനുവാദം വാങ്ങിയിരിക്കണം.

എറണാകുളം
15—8—1973

വില : 1-50

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുനാൾ റാസ

മദ്ബഹായുടെ മധ്യഭാഗത്ത് ഒരു മേശമേൽ വേദപുസ്തകവും, കുരിശുരൂപവും വച്ചിരിക്കണം. ആ മേശയുടെ പക്കലാണു കർമ്മങ്ങൾ ആരംഭിക്കുക.

പള്ളിയുടെ മധ്യത്തിൽ ഒരു തുണി വിരിച്ചിരിക്കണം.

റാസയ്ക്കു കാർമ്മികനെക്കൂടാതെ മൂന്നു സഹകാർമ്മികരുണ്ടാകണം. അവരിൽ ഒരാൾ അർക്കദിയാക്കോനാണ്. (അർക്കദിയാക്കോൻ എപ്പോഴും കാർമ്മികന്റെ ഇടതുഭാഗത്തു നില്ക്കണം.) ഉപകാർമ്മികർ എന്നു ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു മററു രണ്ടുപേരെ ഉദ്ദേശിച്ചാണ്.

കാർമ്മികർ തിരുവസ്ത്രങ്ങളണിയുമ്പോൾ സമൂഹം താഴെ ചേർത്തിരിക്കുന്ന പാട്ടുപാടുന്നു.

ബെഹാഗ്
ആദിതാളം

## പ്രാരംഭഗാനം

കാൽവരി കണ്ടൊരു നിർമ്മലപൂജയിതാ
പറുദീസായുടെ പരമകവാടമിതാ
വാനവരായിരമായിരമാദരവായ്
പാരിലിറങ്ങി വണങ്ങി നമിക്കുന്നു.

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



വേദനതിങ്ങിയ ജീവിതഭാരവുമായ്
ഞങ്ങളിതാ നിൻ സന്നിധിയണയുന്നു
സകലേശാ, നിൻദിവ്യകുമാരകനെ
കൈക്കൊണ്ടലിവൊടനുഗ്രഹമേകണമേ.

പാട്ടു തീരുമ്പോൾ എല്ലാവരും നിരയായി മദ്ബഹായിൽ പ്രവേശിച്ചു ബലിപീഠത്തിനു വന്ദനംചെയ്തശേഷം മേശയുടെ പക്കൽ ജനങ്ങളുടെനേരെ തിരിഞ്ഞുനിന്നു കർമ്മങ്ങൾ ആരംഭിക്കുന്നു.

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

*നഠഭൈരവി*

## ഗാനം

**കാർമ്മി:** ഉന്നതങ്ങളിൽ മഹേശ്വരനു കീർത്തനം

**സമൂ:** നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും
(3 പ്രാവശ്യം)

**കാർമ്മി:** സ്വർഗ്ഗത്തിൽ വാഴും പിതാവേ,
*ശങ്കരാഭരണം* നിൻനാമം വാഴ്ത്തപ്പെടേണം
നിൻപരിപാവനരാജ്യം
മഹിമയോടൂഴിയിൽവരണം
നിന്നിഷ്ടം സ്വർഗ്ഗത്തിലെന്നപോലെ
നിറവേറണം നിത്യമൂഴിമേലും

**സമൂ:** ആവശ്യമായുള്ള ഭോജ്യം
ഞങ്ങൾക്കു നീയിന്നുതരണേ
നരരോടു ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളോടും നീ പൊറുക്കേണമേ
പാപത്തിൽ വീഴാതെ രക്ഷിക്കണേ
തിന്മയിൽനിന്നുനീ കാത്തീടണേ.

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, വാത്സല്യപൂർവ്വം ഞങ്ങളെ സന്ദർശിക്കുകയും, കാരുണ്യപൂർവ്വം ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. അത്ഭുതകരമായ വരങ്ങളാൽ വിശുദ്ധരെ അലങ്കരിക്കുവാൻ തിരുവുള്ളമായ ദൈവമേ, ഞങ്ങളുടെ മദ്ധ്യസ്ഥനാ(യാ)യ പരിശുദ്ധ കന്യകാമറിയത്തിന്റെ (മാർ യൗസേപ്പിന്റെ, വിശുദ്ധ...ന്റെ) സുകൃതങ്ങൾ പരിഗണിച്ചുകൊണ്ടു ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം 145

**കാർമ്മി:** ദൈവമേ, തിങ്ങും പ്രതീക്ഷയോടെ
നിൻ ദിവ്യനാമം പുകഴ്ത്തിടും ഞാൻ
ജീവനുള്ള കാലമെല്ലാം മോദമോടെ
നിൻദിവ്യകീർത്തനങ്ങൾ പാടിടും ഞാൻ

**സമൂ:** ആകാശഭൂതലങ്ങൾ തീർത്തവൻ നീ
സൂര്യചന്ദ്രതാരങ്ങൾ വാർത്തവൻ നീ
പൈദാഹമെല്ലാമകററിടുന്നവൻ
പാവങ്ങൾക്കാഹാരമേകിടുന്നവൻ

അന്ധന്റെ കണ്ണുകൾ തുറന്നിടുന്നു
രോഗികൾക്കാശ്വാസമേകിടുന്നു
മോചനം പകർന്നിടുന്ന രക്ഷകൻ നീ
വാത്സല്യമേറിടുന്ന രാജരാജൻ

christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**കാർമ്മി:** മാലാഖമാരാൽ സ്തുതിക്കപ്പെടുന്നവനും, സ്വർഗ്ഗ സൈന്യങ്ങളാൽ പ്രകീർത്തിക്കപ്പെടുന്നവനുമായ ദൈവമേ, പരമോന്നതമായ അങ്ങയുടെ ഭവനത്തിൽ ഞങ്ങൾ അങ്ങയെ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

ഉപകാർമ്മികരിൽ ഒന്നാമൻ മേശപ്പുറത്തിരിക്കുന്ന കുരിശുരൂപമെടുത്തു കാർമ്മികൻെറ കൈയിൽ കൊടുക്കുന്നു. അദ്ദേഹം അതു മുത്തിയശേഷം സഹകാർമ്മികരെയും ജനങ്ങളെയും മുത്തിക്കുന്നു.

കുരിശുമുത്തൽ ആരംഭിക്കുമ്പോൾ ഉപകാർമ്മികരും സമൂഹവുംകൂടി താഴെക്കാണുന്ന പാട്ടുപാടുന്നു.

സൂചന: സഹകാർമ്മികരും ഉപകാർമ്മികരും പാടേണ്ട പാട്ടുകൾ സമൂഹം പാടിയാലും മതി.

## ഗാനം

മർത്ത്യനു നിത്യജീവൻ ചാർത്തിയ
കുരിശേ, വണങ്ങിടുന്നു
സ്വാതന്ത്ര്യത്തിൻ പുലരിവിടർത്തിയ
കുരിശേ, വണങ്ങിടുന്നു

christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിഴലും പ്രകാശവുമായ് നീങ്ങുമീ
ജീവിതവീഥികളിൽ
തളരാതെ മുന്നേറുവാൻ നിരന്തരം
താങ്ങുന്ന കൈയാണുനീ

കണ്ണീരിലാനന്ദമേ, ഭയം തിങ്ങു-
മിരുളിൽ പ്രഭാപൂരമേ
അവസാനനാളിൽത്തെളിഞ്ഞുമിന്നുന്ന
കനകപ്പതാകനീ

കുരിശു മുത്തിച്ചുകഴിഞ്ഞു കാർമ്മികൻ തിരിച്ചുവരുമ്പോൾ ഉപകാർമ്മികരിൽ ഒന്നാമൻ കുരിശുവാങ്ങി പഴയ സ്ഥാനത്തുവയ്ക്കുന്നു. കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലി ധൂപം വെഞ്ചരിക്കുന്നു.

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനുമായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാദ്ധ്യമായ ത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവ്വദിക്കണമേ.

**സമൂ:** ആമ്മേൻ.

ശുശ്രൂഷി മദ്ബഹാ ധൂപിക്കുന്നു.

christianmusicologicalsocietyofindia.com